"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ദേശീയപാത വികസനത്തിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് പഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സ് പൊളിച്ചു നീക്കിയ ഇനത്തിലുള്ള നഷ്ടപരിഹാര തുക പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2569/2024/LSGD തീയതി,തിരുവനന്തപുരം, 30-12-2024

---

പരാമർശം:-

1. GO(P) No.190/2021/RD തീയതി 25.11.2021.
2. ധനകാര്യ വകുപ്പിന്റെ 12/01/2022 ലെ 1967728/SL-2/1/2021 നമ്പർ അനൗദ്യോഗിക കുറിപ്പ്
3. സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ & CALA (Competent Authority for Land Acquisition) യുടെ 24.04.2023 തീയതിയിലെ LAC. 162/2020/Punnapra നമ്പർ കത്ത്
4. പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച 17/05/2024 തീയതിയിലെ അപേക്ഷ

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന ഷോപ്പിംഗ് കോംപ്ലക്സും മാർക്കറ്റും ദേശീയപാത വികസനത്തിന്റെ ഭാഗമായി പൊളിച്ച് നീക്കിയതിന്റെ ഭാഗമായി പരാമർശം (1) ലെ സർക്കാർ ഉത്തരവിന്റെയും പരാമർശം (2) അനൗദ്യോഗിക കുറിപ്പിന്റെയും അടിസ്ഥാനത്തിൽ ടി കെട്ടിടങ്ങളുടെ നഷ്ടപരിഹാരമായി അനുവദിച്ച 85,86,640/- രൂപ ട്രഷറിയിൽ അടച്ചിട്ടുണ്ടെന്ന് സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ പരാമർശം (3) പ്രകാരം ആലപ്പുഴ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിരുന്നു. പ്രസ്തുത തുക പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റി കിട്ടുന്നതിന് പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം (4) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (1) & (2) പ്രകാരം ദേശീയപാത വികസനത്തിന്റെ ഭാഗമായി പുന്നപ്ര തെക്ക ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സ് & മാർക്കറ്റ് പൊളിച്ചുമാറ്റിയ ഇനത്തിൽ നഷ്ടപരിഹാര തുകയായി സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ & സി.എ.എൽ.എ 0075-00-105-98 Compensation realized an account of Government land held by PSU and LSGI's for various projects viz , Airport Railways,NH ,other Public Projects in Kerala എന്ന ശീർഷകത്തിൽ ട്രഷറിയിൽ ക്രെഡിറ്റ് ചെയ്ത 85,86,640/- രൂപ പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്തിന് അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

കൂടാതെ ട്രഷറി ആപ്ലിക്കേഷനിലെ 'റീഫണ്ടു മാസ്റ്ററിൽ' ഉൾപ്പെടുത്തുന്നതിന് പ്രസ്തുത ഉത്തരവ്, തുക ഒടുക്കൽ സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ സഹിതം ട്രഷറിയിൽ സമർപ്പിക്കേണ്ടതാണെന്നും അതോടൊപ്പം BiMS കൈകാര്യം ചെയ്യുന്നതിന് ഒരു അനുയോജ്യ ഡി.ഡി.ഒ യെ പ്രസ്തുത റീഫണ്ട് നടപടികൾ സ്വീകരിക്കുന്നതിനായി ചുമതലപ്പെടുത്തുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദേശം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHAJI T R

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം

ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി

കരുതൽ ഫയൽ (ഡി.ബി1/193/2024/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 30-12-2024 11:23:03